# INTERNATIONAL INDIAN SCHOOL RIYADH

Post Box No. 89788, Riyadh 11692 (KSA)

## MALAYALAM (CLASS X)

## WORK SHHET - SA2 (2015-2016)

1. 1. <u>പര്യായം</u>: പശി, വസ്ത്രം, ഉദരം, നരൻ, രാത്രി, ലജ്ജ, നഗരം, കല്ല്, നിദ്ര, പ്രഭാതം, കണ്ഠം, കാത്, നിലാവ്, വെയിൽ, വിശപ്പ്, ഗുഹ, പശു, ഇല, ആട്, രശ്മി, നിശ, കാറ്റ്, കണ്ണീർ, ചിറക് , തേര്, മഴ.

2. <u>വിപരീതം</u>: നരകം, ദരിദ്രം, സുഖം, അനാഥ, യാഥാർത്ഥ്യം, ഗതി, പ്രഭാതം, ഏകം, ജീവാത്മാവ്, ലാളിത്യം, സങ്കീർണം, ഗ്രഹിക്കുക, ജ്ഞാതം, ഗ്രാമ്യം, ധൂർത്ത്, സ്വാഭാവികം.

3. <u>അർഥവ്യത്യാസം</u>:

| | | |
|---|---|---|
| ഒലി | - | ഒളി |
| പാശം | - | പാർശ്വം |
| ശാരദം | - | ശാരിക |
| അർപ്പണം | - | ദർപ്പണം |
| സൗഭഗം | - | സൗഭാഗ്യം |
| ഗതി | - | ഗദ |
| മതി | - | മതം |
| പാപം | - | പാവം |
| ഉദ്ദേശ്യം | - | ഉദ്ദേശം |
| പക | - | പുക |
| പരിഷ | - | പരിഷത്ത് |
| കുതുകാൽ | - | കുതികാൽ |
| ഉദരം | - | ഉദാരം |

4. **എതിർ ലിംഗം**: കവി, അനാഥൻ, ഭൃത്യൻ, വൃദ്ധൻ, നേതാവ്, പക്ഷി, ഒരാൾ, ധൂർത്ത പുത്രൻ, ഉടമസ്ഥൻ.

5. **നാനാർഥം :** മുടി, അണി, ചിത്രം, സൂത്രം, വർഷം, മതി, മട്ട്, പാർശ്വം, അരി, വരണം, മണി, പ്രകൃതി, പത്തനം.

6. **സന്ധി:** ഒരൊറ്റത്തെങ്ങ്, വിടർന്നാടും, വികൃതമെങ്കിലും, ഉറക്കച്ചടവ്, ആഭരണക്കട, തലയാട്ടി, സുന്ദരിയായ, പൂക്കളം, കസ്തൂരിക്കുറി, പൂപ്പൊലി, ജീവാത്മാവ്, അഞ്ചിതളുകൾ, ഭൂതകാലാഹ്ലാദം, സൗമ്യമായ, മാറ്റൊലി, പാർശ്വോല്പന്നം.

7. **സമാസം:** പകൽക്കിനാവ്, മഹാസുഖം, ധൂർത്തപുത്രൻ, ആടയാഭരണങ്ങൾ, നിസ്സന്ദേഹം, സുപ്രഭാതം, നീലദർപ്പണം, കസ്തൂരിക്കുറി, മലനാട്, പഞ്ചവർണം, കുഗ്രാമലക്ഷ്മി, വിൺപിച്ചകം, വിൽപനതന്ത്രം, ഉദാരമനസ്ക, ഇരുമ്പഴി, മധുരദർശനം, നരകീടങ്ങൾ, കവുങ്ങുതെങ്ങുകൾ.

## II. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1. ഉദരത്തിൽ പശിയടക്കാൻ പോയവർ തിരിച്ചുവരാൻ കാരണമെന്ത്?
2. ആസ്സാം പണിക്കാർ പുഞ്ചിരി പൊഴിക്കുന്നതായി കണ്ടതാരെ?
3. കുതിച്ചു പായുന്ന തീവണ്ടിയേക്കാൾ മുമ്പേ പായുന്നതെന്ത്?
4. ഉദ്ദേശിച്ച നിറത്തിലുള്ള സാരി കിട്ടിയപ്പോൾ രമണിയുടെ ഭാവം എന്തായിരുന്നു?
5. പി. കുഞ്ഞിരാമൻ നായരുടെ ആത്മകഥ ഏത് ?
6. ശാരദ കന്യക പൂ നിരത്തിയത് എങ്ങനെ?
7. പഞ്ചവർണ്ണക്കിളിക്കൂട്ടങ്ങൾ പോലെ പറന്നു പോയതാര്?
8. ആരാണ് സുപ്രഭാതത്തിൽ ജീപ്പിൽ വന്നിറങ്ങിയത്?

9. 'ഗോവിന്ദം ഭജ മൂഢമതേ' ഈ കൃതിയുടെ കർത്താവാര്?

10. ഉരുളിക്കുന്നത്ത് വെറുതെയിരിക്കുന്നവർ ആര്?

11. കരിമ്പിൽ തോട്ടത്തിൽ കയറിയ ആനയുടെ അവസ്ഥയുണ്ടായതാർക്ക്?

12. ഉരുളിക്കുന്നത്തെ മനുഷ്യർ സക്കറിയായെ പഠിപ്പിച്ചതെന്ത്?

13. "ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം" ആരുടെ കൃതിയാണ്?

## III. ഉത്തരമെഴുതുക

1. "സുപ്രഭാതത്തോടൊപ്പം ജീപ്പിൽ വന്നിറങ്ങുന്ന നഗരം"
 - ഈ പ്രയോഗത്തിൽ എന്തൊക്കെ ഭാവങ്ങൾ തെളിയുന്നുണ്ട്?

2. "മടുത്തില്ലയോ നിനക്കേകതാനത" - ആര് ആരോട് പറയുന്നതാണിത്? സന്ദർഭം ഏത്?

3. കുശലം ചോദിച്ച പട്ടണത്തോടുള്ള കവിയുടെ പ്രതികരണം എന്തായിരുന്നു?

4. വൈലോപ്പിള്ളിയെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക.

5. "നിറഞ്ഞിരിക്കിലും ദരിദ്രമീ രാജ്യം
 നിറന്നിരിക്കിലും വികൃതമെങ്കിലും

 ഇവിടെ സ്നേഹിപ്പാ, നിവിടെയാശിപ്പാ-
 നിവിടെ ദു:ഖിപ്പാൻ കഴിവതേ സുഖം"
 - ആശയം വിശദമാക്കുക.

6. ഉദരത്തിൽ പശികെടുത്താൻ പോയ് ഞങ്ങൾ
 ഹൃദയത്തിൽ വിശപ്പടക്കുവാൻ പോന്നു."
 - ആശയം വ്യക്തമാക്കുക.

7. കുഗ്രാമലക്ഷ്മി എപ്പോഴാണ് കണ്ണീരണിയുന്നത്?

8. "കസതൂരിക്കുറി പൂശുന്ന വരമ്പിൽ
 വക്കിലൊക്കയും
 കാൽ വെപ്പിനാൽ പൂ നിരത്തി
 രമ്യശാരദകന്യക"
 -സന്ദർഭവും ആശയവും വ്യക്തമാക്കുക.

9. പ്രകൃതി പ്രതിഭാസങ്ങളിൽ മനുഷ്യ ഭാവങ്ങൾ ആവിഷ്ക്കരിക്കുകയാണ് 'സൗന്ദര്യ പൂജ' എന്ന കവിതയിൽ കവി ചെയ്യുന്നത്. - വിശദമാകുക

10. "മനസ്സിലെ മുറിവിൽ നിന്ന് രക്തം ചിന്തുകയാണ്" - കഥാനായകന് ഇങ്ങനെയൊരു അവസ്ഥ ഉണ്ടാകാൻ കാരണമെന്ത്?

11. 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ ' എന്ന കഥയിലെ കഥാനായകന് നഷ്ടപ്പെട്ട കാര്യങ്ങൾ ഏവ? വിശദമാക്കുക

12. പൂച്ചക്കുട്ടികളെകുറിച്ചുള്ള കഥാ നായകന്റെ ഓർമയ്ക്ക് ആ കഥയിലുള്ള പ്രസക്തി എന്ത്? സന്ദർഭം ഏത്?

13. "ഉരുളിക്കുന്നത്തിന്റെ ലുത്തിനിയ" - ഈ ശീർഷകത്തിന്റെ പൊരുൾ എന്ത്?

14. സ്ഥലനാമപ്പട്ടിക എഴുതുമ്പോളുള്ള സക്കറിയായുടെ മാനസികാവസ്ഥ വ്യക്തമാക്കാനുപയോഗിച്ച സാദൃശ്യകല്പന എന്ത്? വിശദമാക്കുക.

15. ഉരുളിക്കുന്നം സക്കറിയായ്ക്ക് നല്കിയതെന്ത്?

16. ഉരുളിക്കുന്നം ദേശ വാസികളെ ക്കുറിച്ച് സക്കറിയായുടെ വിവരണം എന്ത്?

IV. രണ്ടു പുറത്തിൽ കവിയാതെ ഉ പന്യസിക്കുക.

1. ഭീകരവാദം
2. മതസൗഹാർദതയുടെ ആവശ്യകത
3. ശാസ്ത്ര പുരോഗതി
4. പരിസര മലിനീകരണം
5. മാധ്യമങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം
6. ഇന്റർനെറ്റും യുവ തലമുറയും
7. ലഹരി വസ്തുക്കളും യുവ തലമുറയും
8. മദ്യം സമൂഹത്തെ കാർന്നു തിന്നുന്ന വിപത്ത്.

9. വൃദ്ധസദനങ്ങൾ അനിവാര്യമോ?
10. യുദ്ധവും കെടുതികളും
11. ആയുധ വിമുക്ത ലോകം
12. സ്ത്രീ ശാക്തീകരണം.

## V കത്തെഴുതുക

1. നിങ്ങളുടെ സ്ഥലത്തെ ശുദ്ധജല ക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് ഒരു കത്തെഴുതുക
2. ഗതാഗതക്കുരുക്കിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് ഗതാഗത മന്ത്രിക്ക് ഒരു കത്തെഴുതുക.
3. ഭീകരവാദം തടയാൻ മാർഗങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട് പ്രധാനമന്ത്രിക്ക് ഒരു കത്തെഴുതുക
4. സബ് എഡിറ്റർ തസ്തികയിലേക്ക് അപേക്ഷിച്ചുകൊണ്ട് ഏതെങ്കിലും ഒരു പത്രത്തിന്റെ പത്രാധിപർക്ക് കത്തെഴുതുക

## VI ഒന്നര പേജിൽ ഉത്തരമെഴുതുക.

1. മുത്താമയെക്കുറിച്ച് ഒരു ലഘു വിവരണം തയ്യാറാക്കുക
2. "ഡോക്ടറുടെ ഡോക്ടറാണ് അപ്പു" - ഈ പ്രസ്താവനക്ക് കാരണമായ ഒരു സംഭവം വിവരിക്കുക.
3. അപ്പു കപ്പിത്താനെ രക്ഷപെടുത്തിയ സംഭവം വിവരിക്കുക
4. മൃതസഞ്ജീവനി എന്ന നാമം കൃതിക്ക് എത്ര മാത്രം അനുയോജ്യമാണ് - പരിശോധിക്കുക.
5. മരിച്ചവരെ പുനർജനിപ്പിക്കാമെന്ന പൗരാണിക സങ്കൽപം എത്രമാത്രം യഥാർത്ഥമായിത്തീരുന്നു മൃതസഞ്ജീവനിയിൽ - വിലയിരുത്തുക.

VII

# വ്യാകരണം (GRAMMAR)

a. **പ്രയോഗം മാറ്റുക**

1. എണ്ണ മയമില്ലാത്ത തലമുടി മുകളിൽ ഒരു ചരടുകൊണ്ടു കെട്ടിവച്ചിരിക്കുന്നു.
2. അയാൾ ശ്രദ്ധിച്ചിരുന്നില്ല
3. എല്ലാ പ്രകൃതി നിയമങ്ങളും ലംഘിച്ച് വിജയിച്ചതുപോലെയുള്ള ഒരു മഹാസുഖം ഞാൻ അനുഭവിച്ചിരുന്നു.

b. **അർഥവ്യത്യാസം വരാതെ വിധിയെ നിഷേധമാക്കുക.**

1. അവൾ കുറെ നേരമായി അവരുടെ പിന്നാലെ നടക്കുകയായിരുന്നു.
2. കൗതുകമുള്ള മുഖത്ത് അവിടവിടെ ചെളിയുണ്ട്.
3. ഇവ കൂടാതെ കേട്ടുകേൾവിയിലൂടെ മാത്രം ഞാൻ വെട്ടിപ്പിടിച്ച സ്ഥലങ്ങളുമുണ്ടായിരുന്നു.

c. **അംഗവാക്യം - ആംഗി വാക്യം ഇവ വേർതിരിക്കുക.**

1. കാർ ജോസ് ജംഗ്ഷനടുത്ത് പാർക്ക് ചെയ്ത് അവർ നടക്കുകയായിരുന്നു.
2. രമണിയുടെ കയ്യിൽ നേരെത്തെ കണ്ട സഞ്ചി മാത്രമേ ഉള്ളൂ എന്ന് അവൾ ശ്രദ്ധിച്ചു.
3. വലിയ കൊട്ടാരം തുടങ്ങിയ പേരുകൾ കേൾക്കെത്തന്നെ അവയ്ക്കു പുറകിൽ ഒളിച്ചിരിക്കുന്ന മഹാദ്ഭുതങ്ങളെക്കുറിച്ച് ഞാൻ കോരിത്തരിച്ചിരുന്നു.

d. **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക.**

1. ഇപ്പോൾ ഇരുട്ടിൽ പരുക്കൻ തെരുവിന്റെ ക്രൂരതയിൽ അവൾ വീണ്ടും തനിച്ച് ഒറ്റപ്പെട്ടിരിക്കുകയാണ്.
2. ഒരു സാരിക്കടയിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ അവൾ സമീപത്ത് അടുത്തുവന്നു കൊണ്ട് പറഞ്ഞു.

**Prepared by: LISAMMA THOMAS (BOYS SECTION)**